**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** **03-02-2026 - ൽ മറുപടിയ്ക്ക്**

**എരുമേലി തെക്ക് വില്ലേജിലെ വനംവകുപ്പിന്റെ കൈവശമുള്ള ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി ഉപയുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ എരുമേലി മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വിവിധ ഔദ്യോഗിക സംവിധാനങ്ങൾ ഒരുക്കുന്നതിന് വേണ്ടി വനം വകുപ്പ് കൈവശത്തിൽ വെച്ചിട്ടുള്ള എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് നമ്പർ 27 ൽ റീസർവ്വേ 12(1) ൽ പെട്ട 1.8250 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി തിരികെ എടുത്ത് സർക്കാർ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് നമ്പർ 27 റീ സർവ്വെ 12/1 ൽ പെട്ട 1.8250 ഹെക്ടർ ഭൂമി പുറമ്പോക്ക് ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, കോട്ടയം വനം ഡിവിഷൻ എരുമേലി റെയിഞ്ച് പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും പേരൂർത്തോട് വനം വകുപ്പ് സ്റ്റാഫ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നിടവുമാണ്. ടി ഭൂമിയുടെ ബി.റ്റി.ആർ പകർപ്പ് എരുമേലി തെക്ക് വില്ലേജ് ആഫീസിൽ ലഭ്യമല്ലാത്തതുമാണ്. ഉടമസ്ഥാവകാശം തിട്ടപ്പെടുത്തുന്നതിന് ടി വസ്തുവിന്റെ ബി. റ്റി. ആർ പകർപ്പ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം സെന്റ്രൽ സർവ്വേ ആഫീസ് , കോട്ടയം റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ ആഫീസ്, കോട്ടയം ജില്ലാ സൂപ്രണ്ട് കാര്യാലയം എന്നിവിടങ്ങളിൽ തഹസിൽദാർ അന്വേഷണം നടത്തുകയും, എന്നാൽ ടി ഇടങ്ങളിൽ ഒന്നും തന്നെ വസ്തുവിന്റെ ബി.റ്റി. ആർ പകർപ്പ് ലഭ്യമല്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. റെലിസ് രേഖകൾ പ്രകാരവും തിരുവനന്തപുരം സെന്റ്രൽ സർവ്വേ ആഫീസിൽ നിന്ന് ലഭിച്ച ലാന്റ് രജിസ്റ്റർ പ്രകാരവും ടി വസ്തു സർക്കാർ പുറമ്പോക്ക് (ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ) ആണെന്നും, ടി വസ്തു വനം വകുപ്പിന്റെ കൈവശത്തിലാണെന്നും എരുമേലി തെക്ക് വില്ലേജ് ആഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത കുറവുള്ളതിനാൽ ടി വസ്തുവിന്മേൽ വനം വകുപ്പിന് എന്തെങ്കിലും അവകാശം ഉള്ളതാണോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിന് എരുമേലി റേഞ്ച് ഫോറസ്റ്റ് ആഫീസർക്ക് കാഞ്ഞിരപ്പള്ളി തഹസിൽദാർ കത്ത് നൽകിയിരുന്നു.<br><br>തുടർന്ന്, പ്രസ്തുത ഭൂമി കോട്ടയം ഡിവിഷൻ നിലവിലെ വർക്കിംഗ് പ്ലാനിൽ (2017-18 മുതൽ 2026- 27) |

| | | | |
|---|---|---|---|
| | | | ചാപ്റ്റർ 2, പേജ് 23, ആദ്യ ഖണ്ഡിക 2.1 Area of Forest under different legal classes പ്രകാരവും Annexure 15 പേജ് നമ്പർ 18 പ്രകാരവും ടി സ്ഥലം വനം വകുപ്പിന്റെ കൈവശമുള്ള റിസർവ്വിനു പുറത്തുള്ള ഭൂമി ആണെന്നും, ടി സ്ഥലത്തുള്ള വനം വകുപ്പ് ക്വാർട്ടേഴ്സിൽ പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ ജീവനക്കാരൻ കുടുംബമായി താമസിച്ചു വരുന്നതായും, സ്വകാര്യഭൂമിയാലും PWD റോഡിനാലും ചുറ്റപ്പെട്ടു കിടക്കുന്നതും ആയ 1.8250 ഹെക്ടർ സ്ഥലം എരുമേലി ടൌണിൽ നിന്നും അധികം ദൂരെ അല്ലാതെ വ്യത്യസ്തമായ പാരിസ്ഥിതിക സ്വഭാവം നിലനിൽക്കുന്നതുമായ പ്രദേശമാണെന്നും വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. റവന്യൂ പുറമ്പോക്ക് ആയതിനാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച കാര്യം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ